**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **01-02-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടിയിലെ ജില്ലാ പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം, തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന ഹജ്ജൂർ കച്ചേരി മന്ദിരത്തിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ടി സ്മാരകത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരൂരങ്ങാടി താലൂക്ക് ഓഫീസ് ഒഴിഞ്ഞു കിട്ടുന്നതിലുള്ള കാലതാമസം, മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ വൈകുന്നതിന് കാരണമായി. മ്യൂസിയം സജ്ജീകരണത്തിന് മുന്നോടിയായി ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവൃത്തികൾ നിർവഹിക്കുന്നതിന് 54 ലക്ഷം രൂപയുടെ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനെ തുടർന്ന് ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ആയതിലേക്ക് 53,73,602/- രൂപ (എല്ലാ കിഴിവുകളും ഉൾപ്പെടെ) ചെലവഴിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിന്റെ സമഗ്രമായ സംരക്ഷണ പ്രവർത്തനവും പരിസര വികസന പ്രവർത്തനവുമാണ് ഈ തുക വിനിയോഗിച്ച് നിർവ്വഹിച്ചത്. തുടർന്ന് ടി മന്ദിരത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് 3,88,88,667/- രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും, ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. ഇതനുസരിച്ച് സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന മ്യൂസിയം സജ്ജീകരിക്കുകയും ആയത് പൊതു ജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടുള്ളതുമാണ്. മ്യൂസിയം സജ്ജീകരണ ഇനത്തിൽ നോഡൽ ഏജൻസിക്ക് 77,77,733/- രൂപ നാളിതുവരെ നൽകിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നാളിതുവരെയുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 1,31,51,335/- രൂപ (ഒരു കോടി മുപ്പത്തിയൊന്നു ലക്ഷത്തി |

| | | | |
|---|---|---|---|
| | | | അൻപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ചു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടം പൈതൃക മ്യൂസിയം ആയി പ്രഖ്യാപിച്ചത് മുതൽ മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ച ഫണ്ടുകളും അവയുടെ ഉത്തരവുകളുടെ പകർപ്പുകളും ഈ ഉത്തരവുകൾ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരവും ലഭ്യമാക്കാമോ; | (ബി) | മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം, തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന ഹജ്ജൂർ കച്ചേരി മന്ദിരത്തിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ടി സ്മാരകത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരൂരങ്ങാടി താലൂക്ക് ഓഫീസ് ഒഴിഞ്ഞു കിട്ടുന്നതിലുള്ള കാലതാമസം, മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ വൈകുന്നതിന് കാരണമായി. മ്യൂസിയം സജ്ജീകരണത്തിന് മുന്നോടിയായി ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവൃത്തികൾ നിർവഹിക്കുന്നതിന് 54 ലക്ഷം രൂപയുടെ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനെ തുടർന്ന് ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ആയതിലേക്ക് 53,73,602/- രൂപ (എല്ലാ കിഴിവുകളും ഉൾപ്പെടെ) ചെലവഴിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിന്റെ സമഗ്രമായ സംരക്ഷണ പ്രവർത്തനവും പരിസര വികസന പ്രവർത്തനവുമാണ് ഈ തുക വിനിയോഗിച്ച് നിർവ്വഹിച്ചത്. തുടർന്ന് ടി മന്ദിരത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് 3,88,88,667/- രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും, ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. ഇതനുസരിച്ച് സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന മ്യൂസിയം സജ്ജീകരിക്കുകയും ആയത് പൊതു ജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടുള്ളതുമാണ്. മ്യൂസിയം സജ്ജീകരണ ഇനത്തിൽ നോഡൽ ഏജൻസിക്ക് 77,77,733/- രൂപ നാളിതുവരെ നൽകിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നാളിതുവരെയുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 1,31,51,335/- രൂപ (ഒരു കോടി മുപ്പത്തിയൊന്നു ലക്ഷത്തി അൻപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ചു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായതും എന്നാൽ നിലവിൽ രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതുമായ കെട്ടിടം ഈ പദ്ധതിയുടെ | (സി) | തിരൂരങ്ങാടി സബ് രജിസ്ട്രാർ കാര്യാലയം നിലവിൽ പ്രവർത്തിച്ചു വരുന്ന നിർമ്മിതിയും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും, ടി നിർമ്മിതിയിൽ സബ് |

| | | | |
|---|---|---|---|
| | ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | | രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതിനാൽ ആയത് മ്യൂസിയം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി കെട്ടിടത്തിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ, ടി കെട്ടിടത്തെ മ്യൂസിയത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള പദ്ധതികളൊന്നും തന്നെ നിലവിൽ വകുപ്പ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - പുരാവസ്തുവകുപ്പ് - വാർഷിക പദ്ധതി 2020-2021 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.223/2020/സാം.കാ.വ തീയതി, തിരുവനന്തപുരം, 15.05.2020**

പരാമർശം :- 1. പുരാവസ്തു ഡയറക്ടറുടെ 04.05.2020-ലെ ARCDA/258/2020-എ 1 നമ്പർ കത്ത്.
2. 07.05.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

പുരാവസ്തു വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച **4,34,26,345/-** (നാല് കോടി മുപ്പത്തി നാല് ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി നാൽപത്തിയഞ്ച് രൂപ) രൂപയുടെ 20 പദ്ധതി നിർവ്വഹണ പ്രൊപ്പോസലുകൾ 07.05.2020-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗം പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിക്കുകയും **2,83,74,321/-** (രണ്ട് കോടി എൺപത്തി മൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ) രൂപയുടെ ചുവടെ പറയുന്ന 14 പദ്ധതി പ്രൊപ്പോസലുകൾ ഭരണാനുമതി നൽകുന്നതിനായി അംഗീകരിക്കുകയും ചെയ്തു.

| Sl No. | Name of Work | Head of Account | Amount |
|---|---|---|---|
| 1 | Excavational at Purakkad, Alappuzha | 2205-00-103-81 Field Archaeology | 16,00,000/- |
| 2 | Excavation at Aaranmula, Pathanamthitta | 2205-00-103-81 Field Archaeology | 7,00,000/- |
| 3 | Rescue Excavation and Scientific clearance of accidentally exposed archaeological sites and remains | 2205-00-103-81 Field Archaeology | 10,00,000/- |
| 4 | Documentation of Objects obtained through excavations and explorations | 2205-00-103-81 Field Archaeology | 10,00,000/- |
| 5 | Conservation work and premises development of protected moument (old taluk office building) to accommodate District Heritage Museum, Malappuram District, 2020-21 | 2205-00-103-80 Archaeology / Heritage Museums at District level | 54,00,000/- |

| | | | |
|---|---|---|---|
| 6 | Printing of Various Archaeological Publications and Hand books (5 Nos) | 2205-00-103-77 Archaeological Publications | 9,64,321/- |
| 7 | In-service training to the technical staff of the department, on Iconography | 2205-00-103-75 Capacity Building and Conservation Awareness | 2,00,000/- |
| 8 | Conservation works of the Protected Monument - Kadavumbagam Synagogue at Mattancherry, Ernakulam, 2020-21 | 2205-00-103-89 Buildings | 45,00,000/- |
| 9 | Conservation of tombs and fencing of the Protected site, Jewish Cemetery, Ernakulam, 2020-21 | 2205-00-103-89 Buildings | 13,60,000/- |
| 10 | Conservation works to the protected monument - Fencing of Protected Site-Cheraman Parambu at Kodungallur Thrissur 2020-21 | 2205-00-103-89 Buildings | 40,00,000/- |
| 11 | Up-gradation of Regional Conservation Laboratory | 2205-00-103-90 Regional Conservation | 10,00,000/- |
| 12 | Conservation works to the Protected Monument Hill Palace Museum, Comprehensive conservation works of Pathumuri building, 2020-21 | 2205-00-103-91 Archaeological Museum @ Ernakulam | 39,00,000/- |
| 13 | Premises development and setting up of cafeteria at Padmanabhapuram Palace, Thuckalai, 2020-21 | 2205-00-103-94 Museum Development and Display Techniques | 17,50,000/- |
| 14 | Implementation of E-Office Project (Phase II) | 2205-00-103-94 Museum Development and Display Techniques | 10,00,000/- |
| | **Total** | | 2,83,74,321/- |

(രണ്ട് കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ)

ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മേൽ പരാമർശിച്ചിട്ടുള്ള 14 പദ്ധതികളുടെ നടത്തിപ്പിനായി 2,83,74,321/- (രണ്ട് കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ) ചെലവഴിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷന് അനുസൃതമായി മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളു.

ii) പദ്ധതി നടത്തിപ്പിലേക്ക് നിലവിലുള്ള നടപടി ക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്. സാമ്പത്തിക അച്ചടക്കം പൂർണ്ണമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ നിന്നും മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളു

iv) പദ്ധതി നടത്തിപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് മാത്രമെ തുക പിൻവലിക്കുവാൻ പാടുള്ളു പിൻവലിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പാടില്ല

v) സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

vi) ടെണ്ടർ/ഇ-ടെണ്ടർ മറ്റ് നടപടികളും ആവശ്യം വേണ്ടിടത്ത് പാലിക്കേണ്ടതാണ്.

vii) പുരാവസ്തു വകുപ്പ് ഡയറക്ടർ പദ്ധതി നടത്തിപ്പിന്റെ അവലോകനം കൃത്യമായും നടത്തേണ്ടതും നിലവിലുള്ള ചട്ടങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ഗീത.കെ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, പുരാവസ്തു വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ചരിത്ര പൈതൃക മ്യൂസിയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,പട്ടം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - പുരാവസ്തുവകുപ്പ് - വാർഷിക പദ്ധതി 2022-2023 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.715/2022/CLAD തീയതി,തിരുവനന്തപുരം, 08-12-2022

പരാമർശം:- 1. പുരാവസ്തു ഡയറക്ടറുടെ 15.11.2022 തീയതിയിലെ ARCDA/441/2022-റ്റി5 നമ്പർ കത്ത്

2. 02.12.2022ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

പുരാവസ്തു വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം 2022-23 വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി 8,37,39,644/- (എട്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊൻ പതിനായിരത്തി അറുന്നൂറ്റി നാൽപത്തി നാല് രൂപ മാത്രം) രൂപയുടെ 21 പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2. 02.12.2022-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലുകൾ പരിഗണിക്കുകയും ചുവടെ പറയുന്ന പദ്ധതി പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുകയും ചെയ്തു.

| Sl No. | Name of Work | Head of Account | Amount |
|---|---|---|---|
| 1 | Comprehensive Structural Conservation Works to the Old Corporation Office Building at Kozhikode 2022-23 | 2205-00-103-89 Archaeological buildings | **1,02,01,100/- including GST** |
| 2 | Comprehensive Conservation Works to protected Monument, Fort Walls of Thiruvananthapuram. | 2205-00-103-89 Archaeological buildings | **64,90,000/- including GST** |
| 3 | Conservation Works to the Protected Monument. Thrikkodithanam Sree Mahavishnu Temple at Kottayam - Eastern and Western Gateways, 2022-23 | 2205-00-103-89 Archaeological buildings | **26,00,000/- including GST** |
| 4 | Annual Maintenance to the various tiled roof buildings of Padmanabhapuram Palace, Thuckalai in Kanyakumari | 2205-00-103-89 Archaeological buildings | **25,66,500/- including GST** |

| | | | |
|---|---|---|---|
| | District. 2022-23 | | |
| 5 | Conservation of Kerala Legislative Assembly Golden Jubilee Museum. Thiruvananthapuram, Phase 2 (Re-validated, Expenditure limited to Rs. 85,50,000/-) | 2205-00-103-89<br>Archaeological buildings | **85,50,000/-**<br>**including GST** |
| 6 | Setting up of a Conservation Space in Hill Palace Museum. Thripunithura (Re-validated, Expenditure limited to Rs.25,00,000/-) | 2205-00-103-74<br>Development Plan for Archaeology | **25,00,000/-**<br>**including GST** |
| 7 | Repairs to the Bamboo Huts, Bamboo Bridges and Ancillary Structures in the Premises of the Protected Monument, Rock Cut Temple at Madavoorpara of Thiruvananthapuram District, items - 2022-23 | 2205-00-103-94<br>Museum Development & Display Techniques 34 Other Charges 03 Other Items | **20,06,000/-**<br>**including GST** |
| 8 | Premises Development Works to the Protected Monument, Chettuva Fort of Thrissur, in connection with the Tourism Destination Challenge 2022-23 | 2205-00-103-94<br>Museum Development & Display Techniques 34 Other Charges 03 Other Items | **26,25,500/-**<br>**including GST** |
| 9 | Refurbishing and strengthening of the sculpture of Dinosaur in the Hill Palace Museum Campus) Thripunithura, Eruakulam District 2022-23 | 2205-00-103-94<br>Museum Development & Display Techniques 34 Other Charges 03 Other Items | **17,70,000/-**<br>**including GST** |
| 10 | Supply, Installation, Testing & Commissioning of CCTV System @ Sreepadam Palace, Thiruvananthapuram (Through KELTRON)<br><br>(Approved subject to the concurrence of the Departmental Technical Committee (IT) and IT department guidelines ) | 2205-00-103-94<br>Museum Development & Display Techniques 34 Other Charges 03 Other Items | **3,21,660/-**<br>**including GST** |
| | Supply, Installation, Testing & Commissioning of CCTV System @ Sundaravilasam Palace. Thiruvananthapuram | 2205-00-103-94<br>Museum Development & Display Techniques 34 | **4,39,141/-**<br>**including GST** |

| | | | |
|---|---|---|---|
| 11 | (Directorate of Archaeology) (Through KELTRON)<br><br>(Approved subject to the concurrence of the Departmental Technical Committee (IT) and IT department guidelines ) | Other Charges 03<br>Other Items | |
| 12 | Supply, Installation, Testing & commissioning of CCTV System at Jewish Synagogue, Kottayil Kovilakom, Ernakulam District (Through KELTRON)<br><br>(Approved subject to the concurrence of the Departmental Technical Committee (IT) and IT department guidelines ) | 2205-00-103-94<br><br>Museum Development & Display Techniques 34<br>Other Charges 03<br>Other Items | **4,46,189/-**<br><br>**including GST** |
| 13 | Maintenance of Walky-Talky System @ Padmanabhapuram Palace (Through KELTRON)<br><br>(Approved subject to the concurrence of the Departmental Technical Committee (IT) and IT department guidelines ) | 2205-00-103-94<br><br>Museum Development & Display Techniques 34<br>Other Charges 03<br>Other Items | **1,90,389/-**<br><br>**including GST** |
| 14 | Maintenance of Walky-Talky System @ Hill Palace Museum. Thrippunithura (Through KELTRON)<br><br>(Approved subject to the concurrence of the Departmental Technical Committee (IT) and IT department guidelines ) | 2205-00-103-94<br><br>Museum Development & Display Techniques 34<br>Other Charges 03<br>Other Items | **1,69,806/-**<br><br>**including GST** |
| 15 | AMC for Lawn @ Padmanabhapuram Palace, Thuckalay 2022-23.<br><br>(Through Kerala Agro Industries Corporation Ltd) | 2205-00-103-94<br><br>Museum Development & Display Techniques 34<br>Other Charges 03<br>Other Items | **8,40,100/-**<br><br>**(Including GST, CWWF)** |
| 16 | AMC for Lawn @ Koyikkal Palace, Nedumangadu 2022-23 (Through Kerala Agro Industries Corporation Ltd) | 2205-00-103-94<br><br>Museum Development & Display Techniques 34 | **5,39,544/-**<br><br>**(Including GST, CWWF)** |

| | | | |
|---|---|---|---|
| | | Other Charges 03 Other Items | |
| 17 | AMC for Lawn @ Krishnapuram Palace, Kayamkulam 2022-23 (Through Kerala Agro Industries Corporation Ltd) | 2205-00-103-94 Museum Development & Display Techniques 34 Other Charges 03 Other Items | **8,89,328/-** **(Including GST, CWWF)** |
| 18 | Setting up of Lawn @ Pazhassi Raja Museum, Kozhikode (Through Kerala Agro Industries Corporation Ltd) | 2205-00-103-94 Museum Development & Display Techniques 34 Other Charges 03 Other Items | **2,59,720/-** **(Including GST)** |
| 19 | Procurement of Computer & Digital Peripherals for e-office (Approved subject to the concurrence of the Departmental Technical Committee (IT), store purchase rules ) | 2205-00-103-94 Museum Development & Display Techniques 34 Other Charges 03 Other Items | **11,00,000/-** |
| 20 | Proposal for uninterrupted connectivity to museums for supporting digital platforms | 2205-00-103-94 Museum Development & Display Techniques 34 Other Charges 03 Other Items | **3,46,000/-** |
| 21 | Setting up of District Heritage Museum @ Malappuram (Through Keralam Museum) | 2205-00-103-80 District Heritage Museum at District level | **3,88,88,667/-** |
| | **Total** | | 8,37,39,644/- |

3. വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മേൽ പരാമർശിച്ചിട്ടുള്ള 8,37,39,644/- (എട്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊൻ പതിനായിരത്തി അറുന്നൂറ്റി നാൽപത്തി നാല് രൂപ മാത്രം) രൂപ ചെലവ് വരുന്ന ഇരുപത്തിയൊന്ന് പദ്ധതികൾക്ക് മേൽ പരാമർശിച്ചിരിക്കുന്ന ശീർഷകങ്ങളിൽ ചെലവ് വക കൊള്ളിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷന് അനുസൃതമായി മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളു.

ii) പദ്ധതി നടത്തിപ്പിലേക്ക് നിലവിലുള്ള നടപടി ക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്. സാമ്പത്തിക അച്ചടക്കം പൂർണ്ണമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ നിന്നും മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളു.

iv) പദ്ധതി നടത്തിപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് മാത്രമെ തുക പിൻവലിക്കുവാൻ പാടുള്ളു. പിൻവലിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പാടില്ല.

v) സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിച്ചുകൊണ്ട് purchase നടത്തേണ്ടതാണ്.

vi) ടെണ്ടർ/ഇ-ടെണ്ടർ മറ്റ് നടപടികളും ആവശ്യം വേണ്ടിടത്ത് പാലിക്കേണ്ടതാണ്.

vii) പുരാവസ്തു വകുപ്പ് ഡയറക്ടർ / കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ പദ്ധതി നടത്തിപ്പിന്റെ അവലോകനം കൃത്യമായും നടത്തേണ്ടതും നിലവിലുള്ള ചട്ടങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പുരാവസ്തു വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ചരിത്ര പൈതൃക മ്യൂസിയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ (Edn.C) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Sabu T K
Date: 09-12-2022 10:36:04
സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

**<u>കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷന്റെ ഔദ്യോഗിക നടപടിക്രമങ്ങൾ</u>**
**<u>തിരുവനന്തപുരം - 23</u>**

വിഷയം: പുരാവസ്തു വകുപ്പ് - സംരക്ഷിത സ്മാരകമായ മലപ്പുറം തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ (2020-21) ചെയ്യുന്നതിനായി CC I[st] & part bill പ്രകാരമുള്ള തുക കരാറുകാരന് അനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന: 1. സ.ഉ(സാധാ)നം.223/2020/സാം.കാ.വ തീയതി 15-05-2020 എന്ന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവ്.
2. ARCDA/750/2020-A9 Dt:17-01-2021 നമ്പർ പ്രകാരമുള്ള വകുപ്പധ്യക്ഷന്റെ ഉത്തരവ്.
3. 22-02-2022 ലെ കൺസർവേഷൻ എൻജിനീയറുടെ ബിൽ സമർപ്പണം.

**<u>ഉത്തരവ് നമ്പർ - ARCDA/750/2020-A9 തീയതി: 25/04/2022</u>**

മലപ്പുറം തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസിന്റെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി 54.00 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭിക്കുകയും പ്രവൃത്തികൾ ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ച് ശ്രീ.വി.ഷിബു എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും സൂചന (2) പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്തതിനു CC I&Part ബിൽ പ്രകാരമുള്ള തുക 28,19,594/- രൂപയുടെ 12% ജി.എസ് ടി തുകയായ 3,38,351/- രൂപയും ചേർത്ത് അകെ രൂപ 31,57,945/- രൂപ (Included 12% GST) കരാറുകാരനായ ശ്രീ.വി.ഷിബുവിന്റെ പേരിൽ അനുവദിക്കാവുന്നതിനായി കൺസർവേഷൻ എൻജിനീയർ വേണ്ട സാക്ഷ്യപ്പെടുത്തലുകൾ നടത്തി സൂചന (3) പ്രകാരം ബിൽ സമർപ്പിച്ചിരിക്കുന്നു. ബിൽ പരിശോധിച്ചതിൽ തുക കരാറുകാരന്റെ പേരിൽ അനുവദിക്കാവുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ CC I&Part ബിൽ പ്രകാരമുള്ള തുക 28,19,594/- രൂപയുടെ 12% ജി.എസ്. ടി തുകയായ 3,38,351/- രൂപയും ചേർത്ത് അകെ രൂപ 31,57,945/- രൂപ (Included 12% GST) കരാറുകാരനായ ശ്രീ.വി.ഷിബുവിന്റെ പേരിൽ (ഗുരുദേവ കൺസ്ട്രക്ഷൻസ്, പാഞ്ചജന്യം അമരവിള, നെയ്യാറ്റിൻകര) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. തുക ചുവടെ പറയും പ്രകാരം നൽകാവുന്നതാണ്.

| | |
|---|---|
| CC I&Part bill (Included GST) | 31,57,945/- |
| Deductions | |
| Income Tax | 63,159/- |
| SGST | 28,196/- |
| CGST | 28,196/- |
| KSCWWF | 28,196/- |
| PSD (Retention money) | 70,490/- |
| Net amount (Contractor) | 29,39,708/- |



ted from eOffice by REGHUNATHEN G, L1 DA, L1 DA, DA on 29/01/2024 10:39 AM

പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി ഈടാക്കേണ്ട 70,490/- രൂപ 8443-00-108-Public Works Deposit എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്ക് നൽകേണ്ട തുകയും കരാറുകാരന് നൽകേണ്ട തുകയും താഴെപ്പറയുന്ന പ്രകാരം നൽകേണ്ടതാണ്.

| Name&Address | A/c. No | IFSC | Name of Bank | Amount (Rs.) |
|---|---|---|---|---|
| സെക്രട്ടറി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം | 67034435345 | SBIN0070032 | SBI Poojappura Trivandrum | 28,196/- |
| വി.ഷിബു ഗുരുദേവ കൺസ്ട്രക്ഷൻസ് പാഞ്ചജന്യം, അമരവിള | 67313604637 | SBIN0070042 | SBI Neyyattinkara | 29,39,708/- |

പ്രസ്തുത ചെലവിലേക്കാവശ്യമായ തുക 2022-23 വർഷത്തെ 2205-00-103-80 Archaeological Heritage museum at District level എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ
അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം
2. എ 1 സെക്ഷൻ
3. ബിൽ കോപ്പി
4. വി.ഷിബു
ഗുരുദേവ കൺസ്ട്രക്ഷൻസ്
പാഞ്ചജന്യം, അമരവിള
5. കൺസർവേഷൻ എഞ്ചിനീയർ, അദ്ധ്യക്ഷ കാര്യാലയം
6. ഫിനാൻസ് ഓഫീസർ.
7. സീനിയർ സൂപ്രണ്ട്
8. ഫയൽ
9. സ്റ്റോക്ക് ഫയൽ



Generated from eOffice by REGHUNATHEN G, L1 DA, L1 DA, DA on 29/01/2024 10:39 AM

"ഭരണഭാഷ മാതൃഭാഷ"

**കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷന്റെ ഔദ്യോഗിക നടപടിക്രമങ്ങൾ**
**തിരുവനന്തപുരം - 23**

വിഷയം: പുരാവസ്തു വകുപ്പ് - സംരക്ഷിത സ്മാരകമായ മലപ്പുറം തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസിന്റെ സംരക്ഷണ പ്രവൃത്തികൾ (2020-21) ചെയ്യുന്നതിനായി CC II&PART BILL പ്രകാരമുള്ള തുക കരാറുകാരന് അനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:

1. സ.ഉ(സാധാ)നം.223/2020/സാം.കാ.വ തീയതി.15-05-2020 എന്ന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവ്.
2. ARCDA/750/2020-A9 Dt:17-01-2021 നമ്പർ പ്രകാരമുള്ള വകുപ്പധ്യക്ഷന്റെ ഉത്തരവ്.
3. ARCDA/750/2020-A9 Dt:25-04-2022 നമ്പർ പ്രകാരമുള്ള CC I&PART BILL അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്.
4. 06-07-2022 ലെ കൺസർവേഷൻ എൻജിനീയറുടെ ബിൽ സമർപ്പണം.

**ഉത്തരവ് നമ്പർ -ARCDA/750/2020-A9 തീയതി: 29/09/2022**

മലപ്പുറം തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസിന്റെ സംരക്ഷണ പ്രവർത്തികൾ ചെയ്യുന്നതിനായി 54.00 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭിക്കുകയും പ്രവൃത്തികൾ ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ച് ശ്രീ.വി.ഷിബു എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും സൂചന (2) പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് ഉത്തരവ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്തതിനു CC I&Part ബിൽ പ്രകാരമുള്ള തുക 31,57,945/- രൂപ (Included 12% GST) സൂചന (3) പ്രകാരം കരാറുകാരനായ ശ്രീ.വി.ഷിബുവിന് അനുവദിക്കുകയും ചെയ്തു. തുടർന്നുള്ള പ്രവൃത്തികൾ ചെയ്തതിനായി CC II&PART BILL പ്രകാരമുള്ള തുക 22,15,656.80/- രൂപ (Included 12% GST) കരാറുകാരന്റെ പേരിൽ അനുവദിക്കുന്നതിനായി കൺസർവേഷൻ എൻജിനീയർ വേണ്ട സാക്ഷ്യപ്പെടുത്തലുകൾ നടത്തി സൂചന (4) പ്രകാരം ബിൽ സമർപ്പിച്ചിരിക്കുന്നു. ബിൽ പരിശോധിച്ചതിൽ തുക കരാറുകാരന്റെ പേരിൽ അനുവദിക്കാവുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ CC II&Part ബിൽ പ്രകാരമുള്ള തുക 22,15,656.80/- രൂപ (Included 12% GST) കരാറുകാരനായ ശ്രീ.വി.ഷിബുവിന്റെ പേരിൽ (ഗുരുദേവ കൺസ്ട്രക്ഷൻസ്, പാഞ്ചജന്യം അമരവിള, നെയ്യാറ്റിൻകര) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. ചുവടെ പറയും പ്രകാരം തുക നൽകാവുന്നതാണ്.

| | |
|---|---|
| CC I&Part bill | 19,78,265/- |
| Add GST 12% | 2,37,392/- |
| TOTAL | 22,15,657/- |
| Deductions | |
| Income Tax | 44,313/- |
| SGST | 19,783/- |
| CGST | 19,783/- |
| KSCWWF | 19,783/- |



ed from eOffice by REGHUNATHEN G, L1 DA, L1 DA, DA on 29/01/2024 10:39 AM

| | |
|---|---|
| | |
| PSD (Retention money) | 49,457/- |
| Net amount (Contractor) | 20,62,538/- |

പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (PSD) തുകയായി ഈടാക്കേണ്ട 49,457/- രൂപ 8443-00-108-Public Works Deposit എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്ക് നൽകേണ്ട തുകയും, കരാറുകാരന് നൽകേണ്ട തുകയും താഴെപ്പറയുന്ന പ്രകാരം നൽകേണ്ടതാണ്.

| Name&Address | A/c. No | IFSC | Name of Bank | Amount (Rs.) |
|---|---|---|---|---|
| സെക്രട്ടറി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം | 67034435345 | SBIN0070032 | SBI Poojappura Trivandrum | 19,783/- |
| വി.ഷിബു ഗുരുദേവ കൺസ്ട്രക്ഷൻസ് പാഞ്ചജന്യം, അമരവിള | 67313604637 | SBIN0070042 | SBI Neyyattinkara | 20,62,538/- |

പ്രസ്തുത ചെലവിലേക്കാവശ്യമായ തുക 2205-00-103-80 Archaeological Heritage museum at District level എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ
അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

1.അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള തിരുവന്തപുരം
2.എ I സെക്ഷൻ
3.ബിൽ കോപ്പി
4.വി.ഷിബു
ഗുരുദേവ കൺസ്ട്രക്ഷൻസ്
പാഞ്ചജന്യം, അമരവിള
5.കൺസർവേഷൻ എഞ്ചിനീയർ,

അദ്ധ്യക്ഷ കാര്യാലയം
6.ഫിനാൻസ് ഓഫീസർ.
7.സീനിയർ സൂപ്രണ്ട്
8.ഫയൽ
9.സ്റ്റോക്ക് ഫയൽ



Generated from eOffice by REGHUNATHEN G, LI DA, LI DA, DA on 22/01/2024 10:39 AM

/18798/2023

"ഭരണഭാഷ മാതൃഭാഷ"

**കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷന്റെ ഔദ്യോഗിക നടപടിക്രമങ്ങൾ**

**തിരുവനന്തപുരം – 23**

വിഷയം: പുരാവസ്തു വകുപ്പ് – മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം – സജ്ജീകരണത്തിന് ആദ്യ ഗഡു തുക ഇന്ററാക്ടീവ് മ്യൂസിയത്തിന് ഗ്രാന്റായി അനുവദിച്ച് അനുപൂരക ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന: 29.03.2023 - ലെ ഇതേ നമ്പരായ ഉത്തരവ്

**ഉത്തരവ് നമ്പർ – ARCDA/939/2021-T4 തീയതി: 11-07-2023**

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള 3,88,88,667/-രൂപ എസ്റ്റിമേറ്റ് വരുന്ന ഒരു ഡി.പി.ആർ ഇന്ററാക്ടീവ് മ്യൂസിയം തയാറാക്കി സമർപ്പിക്കുകയും, ആയത് സർക്കാർ അംഗീകരിച്ച് സൂചന 2 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എം.ഒ.യു പ്രകാരം മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള ആദ്യ ഗഡു തുകയായ 77,77733/-രൂപ(ഭരണാനുമതി തുകയുടെ 20% )ഇന്ററാക്ടീവ് മ്യൂസിയത്തിന് അനുവദിച്ച് കൊണ്ട് സൂചന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ വെയ്സ് ആൻഡ് മീൻസിൽ ക്ലിയറൻസിന് നൽകിയപ്പോൾ സാമ്പത്തിക പ്രതിസന്ധി മൂലം റിജക്ട് ചെയ്തതിനാൽ പ്രസ്തുത തുക അനുവദിച്ച് ലഭ്യമായിരുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള ആദ്യ ഗഡു തുകയായ77,77,733/- രൂപ(എഴുപത്തിയേഴ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളയുടെ പേരിൽ ഗ്രാന്റായി അനുവദിച്ച് കൊണ്ട് അനുപൂരക ഉത്തരവാകുന്നു. ടി തുക എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളയുടെ പേരിലുള്ള വെള്ളയമ്പലം സബ് ട്രഷറിയിലെ 799012700002112 Customer ID 2465223 എന്ന PSTSB അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ഈ ചെലവ് 2023-24 സാമ്പത്തിക വർഷത്തിലെ 2205-00-103-80 ജില്ലാ പൈതൃക മ്യൂസിയം (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. മേൽ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 5,50,00,000/-രൂപ അലോട്ട് ചെയ്തിട്ടുണ്ട്.

ഒപ്പ്
ഡയറക്ടർ
അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്
3. എക്സിക്യൂട്ടീവ്ഡയറക്ടർ, ഇന്ററാക്ടീവ് മ്യൂസിയം
4. എ1 സെക്ഷൻ
5. ഫിനാൻസ് ഓഫീസർ
6. സീനിയർ സൂപ്രണ്ട്
7. ഫയൽ

Signed by
Beena U K
Date: 11-07-2023 16:12:10

സെക്ഷൻ ഓഫീസർ